**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4305** **06-03-2023 - ൽ മറുപടിയ്ക്ക്**

**ടേൺ ഓവർ ടാക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2017 - 18 മുതൽ 2022 - 23 വരെ സംസ്ഥാനത്തെ ബാറുകളിൽ നിന്നുള്ള ടേൺ ഓവർ ടാക്സ് വരുമാനം എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ; | (എ) | 2017-18 മുതൽ 2022-23 വരെ സംസ്ഥാനത്തെ ബാറുകളിൽ നിന്നുള്ള ടേൺ ഓവർ ടാക്സ് വരുമാനം സാമ്പത്തിക വർഷം തിരിച്ച് അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ബി) | കെ.ജി.എസ്.ടി. നിയമം 1963 - ചട്ടം 7 അനുസരിച്ച് നികുതി നൽകുന്ന ബാർ ഹോട്ടലുകൾ നിലവിലുണ്ടോ; എങ്കിൽ 2017-18 മുതൽ 2022-23 വരെ ആയതിൽ നിന്നുമുള്ള വരുമാനം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. 1963 ലെ കെ.ജി.എസ്.ടി. നിയമത്തിലെ ചട്ടം 7 ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം ബാർ ഹോട്ടലുകളിൽനിന്നും 2017-18 മുതൽ 2022-23 വരെ പിരിച്ചെടുത്ത നികുതി വരുമാനത്തിന്റെ ലഭ്യമായിട്ടുള്ള കണക്കുകൾ അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു. |
| (സി) | 2015 - 16 സാമ്പത്തിക വർഷത്തിൽ ബാറുകളിൽ നിന്നുള്ള ടേൺ ഓവർ ടാക്സ് വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | 2015-16 സാമ്പത്തിക വർഷത്തിൽ ബാറുകളിൽ നിന്നുള്ള ടേൺ ഓവർ ടാക്സ് വരുമാനം 195.30 കോടി രൂപയാണ്. |
| (ഡി) | 2015 - 16 സാമ്പത്തിക വർഷത്തിൽ കെ.ജി.എസ്.ടി. നിയമം 1963 - ചട്ടം 7 അനുസരിച്ച് നികുതി ഒടുക്കിയിരുന്ന ബാർ ഹോട്ടലുകൾ എത്രയായിരുന്നു; ഇതിൽ നിന്നുള്ള വരുമാനം എത്രയായിരുന്നു; വ്യക്തമാക്കാമോ? | (ഡി) | 2015-16 സാമ്പത്തിക വർഷത്തിൽ കെ.ജി.എസ്.ടി. നിയമം 1963 - ചട്ടം 7 അനുസരിച്ച് നികുതി ഒടുക്കിയിരുന്നത് 252 ബാർ ഹോട്ടലുകൾ ആണ്. ഇതിൽ നിന്നും 52.12 കോടി രൂപ നികുതി വരുമാനമായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| സാമ്പത്തിക വർഷം | ബാറുകളിൽ നിന്നുള്ള ടേൺ ഓവർ ടാക്സ് വരുമാനം (കോടിയിൽ) |
|---|---|
| 2017-18 | 213.57 |
| 2018-19 | 227.39 |
| 2019-20 | 239.57 |
| 2020-21 | 200.47 |
| 2021-22 | 539.96 |
| 2022-23 | 617.23 |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-2

| സാമ്പത്തിക വർഷം | 1963 ലെ കെ.ജി.എസ്.ടി. നിയമം- ചട്ടം 7 അനുസരിച്ച് ബാർ ഹോട്ടലുകളിൽനിന്നും ലഭിച്ച നികുതി വരുമാനം (കോടിയിൽ)* | Non-compounded ബാർ ഹോട്ടലുകളിൽനിന്നും ലഭിച്ച നികുതി വരുമാനം (കോടിയിൽ)* | ബാർ ഹോട്ടലുകളിൽനിന്നും ലഭിച്ച ആകെ നികുതി വരുമാനം (കോടിയിൽ)* |
|---|---|---|---|
| 2017-18 | 20.35 | 193.22 | 213.57 |
| 2018-19 | 40.56 | 186.83 | 227.39 |
| 2019-20 | 28.02 | 211.55 | 239.57 |
| 2020-21 | 7.75 | 192.72 | 200.47 |
| 2021-22 | 12.90 | 527.06 | 539.96 |
| 2022-23 | 22.80 | 594.43 | 617.23 |

*Provisional

**സെക്ഷൻ ഓഫീസർ**